# 'ഞാൻ ആരുടെ മകൻ?'

1 യോഹന്നാൻ 3:8

"പാപം ചെയ്യുന്നവൻ പിശാചിന്റെ മകൻ ആകുന്നു. പിശാചു ആദിമുതൽ പാപം ചെയ്യുന്നുവല്ലോ. പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ തന്നേ ദൈവപുത്രൻ പ്രത്യക്ഷനായി."

ഒരു കുഞ്ഞ് ജനിക്കുമ്പോൾ മതാപിതാക്കളും മറ്റു ബന്ധുമിത്രാദികളും വലിയ ആശ്ചര്യത്തോടെയാണ് അതിനെ സ്വീകരിക്കുന്നത്. ആദ്യ നോട്ടത്തിൽ തന്നെ ഓരോരുത്തരും അതിനെ പിതാവിനോടോ മാതാവിനോടോ സദൃശ്യപ്പെടുത്തിപ്പറയും. അങ്ങനെയെങ്കിൽ നാം ഇന്നായിരിക്കുന്ന വിശ്വാസഗോളത്തിൽ നാം ആരുടെ സദൃശ്യമുള്ളവരായാണ് നമ്മെ മറ്റുള്ളവർ കാണുന്നത് എന്ന് എപ്പോഴെങ്കിലും ഒന്ന് ചിന്തിച്ചിട്ടുണ്ടോ? നാം ദൈവമക്കൾ എന്നു പറഞ്ഞ് നടക്കുന്നെങ്കിൽ, അത് നമ്മുടെ ജീവിതത്തിൽ എത്രത്തോളം നാം കാത്തുസൂക്ഷിക്കുന്നവരാണെന്ന് ഒന്നു ചിന്തിച്ചു നോക്കുക. കാരണം അതിന്റെ മറുഭാഗം എന്നു പറയുന്നത്, ഒരാൾ വാസ്തവത്തിൽ ക്രിസ്തുവിലുള്ള വിശ്വാസത്താൽ വീണ്ടും ജനിച്ച് അവന്റെ ജീവിതം ദൈവത്തിനു സമർപ്പിക്കുന്നില്ല എന്നുണ്ടെങ്കിൽ, അവൻ തീർച്ചയായും സാത്താന്റെ രൂപ സാദൃശ്യത്തോടെയുള്ളവനായിരിക്കും.

2 കൊരിന്ത്യർ 5:17 "ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ, പുതുതായി തീർന്നിരിക്കുന്നു."

പിശാച് ആദി മുതൽ പാപം ചെയ്യുന്നതുപോലെ പിശാചിന്റെ സന്തതികളും ഇന്നും പാപം ചെയ്തുകൊണ്ടിരിക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ കർത്താവിനെ കൈക്കൊണ്ടവൻ അത് അവന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കും. കാരണം അവന്റെ ജീവിതം എന്നു പറയുന്നത് നിരന്തരമായ ഒരു 'ആത്മീയ യുദ്ധമാണ്'. അതു ഒരു ദിവസത്തേക്കോ ഒരു നിമിഷത്തേക്കോ മാത്രമുള്ളതല്ല അവന്റെ ജീവിതത്തിൽ അവൻ കർത്താവിന്റെ അടുത്ത് എത്തിച്ചേരുവോളം ആ യുദ്ധത്തിലായിരിക്കും അവന്റെ ജീവിതം.

എഫേസ്യർ 6:12 "നമുക്കു പോരാട്ടം ഉള്ളതു ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ."

സാത്താൻ ദിനം പ്രതി വളരെ ശക്തമായി ദൈവമക്കൾക്കെതിരായി പോരാടിക്കൊണ്ടിരിക്കുകയാണ്. ഓരോ നിമിഷവും ദൈവമക്കളെ തങ്ങളുടെ വിശ്വാസത്തിൽ നിന്നും മറിച്ചിടുവാനും, പാപത്തിലേക്ക് നയിക്കുവാനും, ദൈവത്തിൽ സംശയം ഉളവാക്കുകയും, ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവിനെ അനുകരിച്ച് ജീവിക്കുന്നതിൽ നിന്നും നമ്മെ അവൻ പിന്തിരിപ്പിക്കും. എന്നാൽ നാം ഒരു കാര്യം മനസ്സിലാക്കണം സാത്താനു നമ്മുടെ ജീവിതത്തിൽ ഒരു അധികാരവും ഇല്ല. ദൈവമക്കളുടെ മേലുള്ള സാത്താന്റെ അധികാരം ദൈവം തന്റെ ഏകജാതനായ പുത്രനെ ക്രൂശിൽ നൽകിയതുവഴി പൂർണ്ണമായും മാറ്റപ്പെട്ടു.

എബ്രായർ 2:14-15 "മക്കൾ ജഡരക്തങ്ങളോടു കൂടിയവർ ആകകൊണ്ടു അവനും അവരെപ്പോലെ ജഡരക്തങ്ങളോടു കൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു."

ഓരോ നിമിഷവും ഓരോ ദിനവും എന്നു വേണ്ട നമ്മുടെ ജീവിതം എങ്ങനെ ആവണം എന്നു തീരുമാനിക്കാനുള്ള പൂർണ്ണ അധികാരം ദൈവം നമുക്ക് തന്നിട്ടുണ്ട്. അത് ജീവൻ തന്ന ദൈവത്തിനു വേണ്ടി വേണോ അതോ നിത്യം നമ്മുടെ ജീവൻ അപഹരിക്കാൻ നടക്കുന്ന സാത്താനു വേണ്ടി വേണോ? ഏതു വേണമെങ്കിലും തിരഞ്ഞെടുക്കാം. അങ്ങനെയെങ്കിൽ ഇന്നു നാം നമ്മോടു തന്നെ ഒന്നു ചോദിച്ചു നോക്കുക, നാം ഏതു തിരഞ്ഞെടുക്കും? ഇനി ദൈവത്തോടൊപ്പം എന്നു തിരഞ്ഞെടുത്തു കഴിഞ്ഞവരാണെങ്കിൽ നാം ഇന്നും ദൈവ സാദൃശ്യമുള്ളവരായാണോ ജീവിക്കുന്നത്?

ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :
റോമർ 12:1-2
"സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നതു; നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന്നു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിന്നു അനുരൂപരാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്നു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ"

ബ്രദർ ബിനു ബേബി ആലപ്പുഴ 041